**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 263 | 19-06-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഡി.കെ. മുരളി**<br>**ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ. കെ. ബാബു** | | **ഡോ. കെ. ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | ജലസംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുകൾ മഴക്കുഴികളും, കുളങ്ങളും, കിണറുകളും നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹരിത കേരള മിഷന്റെ ഭാഗമായി തോടുകൾ വൃത്തിയാക്കുകയും പുതിയ കുളങ്ങളും കിണറുകളും നിർമ്മിക്കുകയും നവീകരിക്കുകയും കിണർ റീചാർജിംഗ് സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>കുടിവെള്ള സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഭൂഗർഭ ജലം സംരക്ഷിച്ച് നിർത്തുന്ന കുന്നുകൾ, നീർത്തടങ്ങൾ എന്നിവ നശിപ്പിക്കുന്നവർക്കെതിരെ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നു. കുടിവെള്ള സ്രോതസ്സുകൾ ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ശുചീകരിക്കുകയും മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും വാർഡ്തല ശുചിത്വ കമ്മിറ്റികൾ, ഗ്രാമസഭകൾ, കുടുംബശ്രീ സംവിധാനം എന്നിവകളിൽക്കൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം കർശനമായ പരിശോധനകൾ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെയും നടത്തി വരുന്നു. തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയിലൂടെ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി മികച്ച ജനപങ്കാളിത്തത്തോടെ നദികളുടെയും തൊടുകളുടെയും ജലാശയങ്ങളുടെയും |
| (ബി) | ജലസംരക്ഷണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും കുടുംബശ്രീ മുഖേനയും നടത്തി വരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | |

പുനഃരുജ്ജീവനത്തിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. ഗ്രാമവികസന വകുപ്പുമുഖേന നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകം പദ്ധതി പ്രകാരവും ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പി ലാക്കി വരുന്നുണ്ട്. പ്രധാനമായും ഇനി പറയുന്ന ജല സംരക്ഷണ ഈ പദ്ധതിക്ക് കീഴിൽ നടപ്പിലാക്കുന്നത്.

1. കളങ്ങൾ, ചെക്ക് ഡാം, മഴവെള്ള സംഭരണികൾ മുതലായവയുടെ നിർമ്മാണവും പുനരുദ്ധാരണവും
2. കിണർ റീചാർജ്ജിംഗ്
3. മേൽക്കൂര മഴവെള്ള സംഭരണം
4. തെങ്ങിൻതടം തുറക്കൽ, കോണ്ടൂർ ബണ്ടിംഗ് മുതലായവ മുഖേന ഭൂഗർഭ ജലത്തിന്റെ റീചാർജ്ജിംഗ്

ജലസംരക്ഷണത്തിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

- പൊതു കളങ്ങൾ അടക്കമുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
- ഫാം പോണ്ടുകളുടെ നിർമ്മാണം
- മഴക്കുഴികളുടെ നിർമ്മാണം
- ഗള്ളിപ്ലഗ്ഗിങ്, ഗാബിയോൺ, ബ്രഷ് വുഡ്, ചെക്ക് ഡാം തുടങ്ങി വിവിധയിനം തടയണകളുടെ നിർമ്മാണം
- നീർത്തടാധിഷ്ഠിത പ്രവൃത്തികളായ കോണ്ടൂർ ബണ്ടിങ്ങ്, ട്രഞ്ചിങ്ങ്, കല്ല് കയ്യാല, മൺകയ്യാല തുടങ്ങിയവ യുടെ നിർമ്മാണം
- കിണർ റീചാർജ്ജിംഗ്
- കയർ ഭൂവസ്ത്രം ഉപയോഗിച്ച് ജലസ്രോതസ്സുക ളുടെ പാർശ്വഭിത്തി സംരക്ഷണം
- വൃക്ഷവത്കരണ പ്രവർത്തനങ്ങൾ

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കിണർ റീ ചാർജ്ജിംഗ്, പുതിയതായി കിണറുകൾ നിർമ്മിക്കുക, കളം സംരക്ഷണം, കനാൽ, തോട് എന്നിവയുടെ സംരക്ഷണം, ചെക്ക് ഡാം നിർമ്മാണം കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോടുകളുടെ സംരക്ഷണം എന്നിവ നടപ്പി ലാക്കിയിട്ടുണ്ട്.

ജലസംരക്ഷണത്തിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 'റെയിൻ ആർമി' എന്ന പേരിൽ കണ്ണൂർ ജില്ലയിൽ 15

| | | | |
|---|---|---|---|
| | | | അംഗങ്ങളും, പാലക്കാട് ജില്ലയിൽ 'സുജലം' എന്ന പേരിൽ 26 അംഗങ്ങളും അടങ്ങിയ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് മഴവെള്ളം ശാസ്ത്രീയമായി സംഭരിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ ആവശ്യപ്പെടുന്ന മുറയ്ക്കും, കൂടാതെ പഞ്ചായത്തുകളുടെ ആവശ്യാനുസരണവും മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ ഈ കൂട്ടായ്മകളിലൂടെ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. |
| (സി) | വലിയ കെട്ടിടങ്ങളും ഫ്ലാറ്റുകളും നിർമ്മിക്കുമ്പോൾ അതോടൊപ്പം മഴവെള്ള സംഭരണികളും നിർബന്ധമായി നിർമ്മി ക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ സംസ്ഥാനത്ത് തുടർ ച്ചയായി വേനൽക്കാലങ്ങളിൽ ഉണ്ടാകുന്ന ജലക്ഷാമം പരിഗണിച്ച് പ്രസ്തുത നിയമം കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ നിർദ്ദേശം നൽകുമോ? | (ഡി) | പഞ്ചായത്തുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 101, 102 എന്നിവ പാലിക്കുന്നുണ്ടെന്ന് ഗ്രാമ പഞ്ചായത്തുകളും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, അദ്ധ്യായം 16A, ചട്ടം 109 B പ്രകാരമുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് മുനിസിപ്പാലിറ്റികളും ഉറപ്പാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**